## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2065** **16.08.2017 ൽ മറുപടിക്ക്.**

## ചെക്ക്പോസ്റ്റുകളിൽ അധികമായ ജീവനക്കാരുടെ പുനർവിന്യാസ നടപടി

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.അൻവർ സാദത്ത് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകളുടെ ചുമതല എക്സൈസ് വകുപ്പിന് കൈമാറിയിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | ജി.എസ്.ടി. നടപ്പിലാക്കിയത് മൂലം ചെക്ക്പോസ്റ്റുകളിൽ അധികമായിവരുന്ന ജീവനക്കാരുടെ പുനർവിന്യാസ നടപടി ഏത് ഘട്ടത്തിലാണ്; | (ബി) | പുനർവിന്യാസ നടപടിക്രമങ്ങൾ പ്രാരംഭ ഘട്ടത്തിലാണ് |
| (സി) | ചെക്ക്പോസ്റ്റുകളിൽ ഡേറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെൻററുകൾ സ്ഥാപിക്കുന്നതിനുള്ള തീരുമാനം ഏത് ഘട്ടത്തിലാണ്; ഇതിനായി എന്ത് തുകയാണ് വകയിരുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | ചരക്ക് സേവന നികുതി (ജി.എസ്.ടി) നിയമം രാജ്യത്താകമാനം നടപ്പിലാക്കിയ സാഹചര്യത്തിൽ വാണിജ്യ നികുതി വകുപ്പിന് പ്രത്യേകമായി ചെക്ക്പോസ്റ്റുകൾ ആവശ്യമില്ലാത്തതിനാൽ സർക്കാർ 20.05.2017 ലെ ഉത്തരവ് ജി.ഒ(എം.എസ്) നം. 36/2017/റ്റി.ഡി പ്രകാരം എക്സൈസ് വകുപ്പിനെ ഇന്റഗ്രേറ്റഡ് ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകൾ നടപ്പിലാക്കുന്നതിലേയ്ക്ക് നോഡൽ ഡിപ്പാർട്ട്മെന്റായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വാണിജ്യ നികുതി വകുപ്പ്, ഫോറസ്റ്റ്, ട്രാൻസ്പോർട്ട്, ആനിമൽ ഹസ്ബന്ററി, ഫുഡ് സേഫ്റ്റി എന്നീ വകുപ്പുകളിലെ നോഡൽ ആഫീസർമാരുമായി 29.06.2017 ൽ എക്സൈസ് കമ്മീഷണർ ഒരു യോഗം വിളിച്ച് ചേർക്കുകയും കിറ്റ്കോയുമായി ബന്ധപ്പെട്ട പുതിയ |

| | | | |
|---|---|---|---|
| | | | സിസ്റ്റം റിക്വയർമെന്റ് സൊല്യൂഷൻ, റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ എന്നിവ തയ്യാറാക്കുന്നതിനു വേണ്ടി ഓരോ വകുപ്പും അവരവരുടെ റിക്വയർമെന്റ്സ് തയ്യാറാക്കി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പ്രാരംഭ ഫണ്ടായി 10 കോടി രൂപ നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ